(ഐ) വ്യവസായത്തിന്റെ ഒരു ശൃംഖലയായ മുളവികസനവും സാദ്ധ്യതകളും ആസൂത്രണ ബോർഡിലെ വ്യവസായ വിഭാഗത്തിന്റെ ഉത്തരവാദിത്വങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളായിരുന്നതിനാലും മുള വികസന പദ്ധതി ആസൂത്രണ ബോർഡിൽ തയ്യാറാക്കിയതും ശ്രീ. ചന്ദ്രചൂഡൻ നായരുടെ നേതൃത്വത്തിലായതിനാലുമാണ് സെമിനാറിൽ പങ്കെടുക്കുവാൻ അദ്ദേഹത്തെ നിയോഗിച്ചത്.

(ജെ) ഇല്ല.

പ്ലാനിംഗ്ബോർഡ് അംഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

30 (963) ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പ്ലാനിംഗ് ബോർഡ് അംഗങ്ങൾക്ക് കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, കാറുകൾ എന്നിവ നൽകിയിട്ടുണ്ടോ ;

(ബി) അവർ ഓരോരുത്തരും മൊബൈൽഫോൺ, ഓഫീസ് ഫോൺ, വീട്ടിലെ ഫോൺ എന്നിവ ഉപയോഗിച്ച വകയിൽ എന്തു തുകവീതം ചെലവായി എന്ന് പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ ;

(സി) ഇവരുടെ ഓരോരുത്തരുടെയും കാർ ഔദ്യോഗികാവശ്യാർത്ഥം ഉപയോഗിച്ച വകയിൽ എത്ര കിലോമീറ്റർ വീതം ഓടിയിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(ഡി) ഇവർക്ക് കാർ നൽകിയിരിക്കുന്ന വ്യവസ്ഥ വ്യക്തമാക്കുമോ ;

(ഇ) ഓരോരുത്തരും ടി.എ., ഡി. എ. ഇനങ്ങളിൽ ഇതുവരെ എന്തു തുക വീതം പറ്റിയിട്ടുണ്ട് ?

ഉത്തരം

(എ) പ്ലാനിംഗ് ബോർഡ് അംഗങ്ങൾക്ക് കമ്പ്യൂട്ടർ നൽകിയിട്ടുണ്ട്. ഫുൾടൈം അംഗത്തിന് പ്രാദേശിക യാത്രകൾക്ക് കാർ നൽകിയിട്ടുണ്ട്. അംഗങ്ങൾക്ക് സർക്കാർ ചെലവിൽ മൊബൈൽ ഫോൺ നൽകിയിട്ടില്ല.

(ബി) അംഗങ്ങൾക്ക് മൊബൈൽ ഫോൺ നൽകിയിട്ടില്ല. ഓഫീസിലെ ഫോൺ വീട്ടിലെ ഫോൺ എന്നിവ ഉപയോഗിച്ച വകയിൽ ഇതുവരെ ചെലവായ തുക ചുവടെ ചേർക്കുന്നു.

ശ്രീ. ഇ. എം. ശ്രീധരൻ നമ്പൂതിരിപ്പാട്

ഓഫീസ് ഫോൺ	വീട്ടിലെ ഫോൺ
രൂപ	രൂപ
2,08,429	35,588

ഡോ. തോമസ് ഐസക്

ഓഫീസ് ഫോൺ	വീട്ടിലെ ഫോൺ
രൂപ	രൂപ
3,59,371	1,44,045

LIBRARY ARCHIVES Kerala Legislative Assembly

ഡോ. ബി. ഇക്ബാൽ

ഓഫീസ് ഫോൺ	വീട്ടിലെ ഫോൺ
രൂപ	രൂപ
66,002	99,311

ഡോ. കെ. എൻ. ശ്യാമസുന്ദരൻ നായർ

ഓഫീസ് ഫോൺ	വീട്ടിലെ ഫോൺ
രൂപ	രൂപ
57,067	98,725

ശ്രീ. എം. കെ. സാംബമൂർത്തി

ഓഫീസ് ഫോൺ	വീട്ടിലെ ഫോൺ
	രൂപ
(ശ്രീ. എം. കെ. സാംബമൂർത്തിയും, ഡോ. കെ. എൻ ശ്യാമസുന്ദരൻ നായർക്കും കൂടി ഓഫീസ് ഫോൺ ഒന്നാണ്)	801

(സി) ഫുൾടൈം അംഗമായ ശ്രീ. ഇ. എം. ശ്രീധരൻ നമ്പൂതിരിപ്പാടിന് മാത്രമേ പ്രത്യേകമായി കാർ നൽകിയിട്ടുള്ളൂ. പ്രസ്തുത കാർ 26-10-1996 മുതൽ 14-2-2001 വരെയുള്ള കാലയളവിൽ 120568 കിലോമീറ്റർ ഓടിയിട്ടുണ്ട്. മറ്റ് അംഗങ്ങൾ ഔദ്യോഗികാവശ്യത്തിന് പ്ലാനിംഗ് ബോർഡിലെ പൊതുവായ വാഹനങ്ങൾ ഉപയോഗിക്കുന്നു.

(ഡി) ഫുൾടൈം അംഗത്തിന് പ്രാദേശിക യാത്രകൾക്ക് സർക്കാർ വകകാർ നൽകിയിട്ടുണ്ട്. മറ്റ് അംഗങ്ങളും ഔദ്യോഗികാവശ്യത്തിന് പ്ലാനിംഗ് ബോർഡിലെ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ട്.

(ഇ) ഉത്തരം ചുവടെ ചേർക്കുന്നു.

	അംഗത്തിന്റെ പേര്	ടി എ	ഡി. എ
1.	ശ്രീ. ഇ. എം. ശ്രീധരൻ നമ്പൂതിരിപ്പാട്	4,10,833	76,206
2.	ഡോ. റ്റി. എം. തോമസ് ഐസക്	2,37,752	23,523
3.	ഡോ. കെ. എൻ. ശ്യാമസുന്ദരൻ നായർ	23,523	1,550
4.	ഡോ. ബി. ഇക്ബാൽ	1,80,470	34,842
5.	ശ്രീ. എം. കെ. സാംബമൂർത്തി	1,91,514	1,306

പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാന്റെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

31 (964) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാനിംഗ് ബോർഡ് വൈസ്ചെയർമാൻ ഇതുവരെ മെഡിക്കൽ റീം ഇംബേഴ്സ്മെന്റ് ഇനത്തിൽ എന്തു തുക പറ്റിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly